**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - തൊടുപുഴ ബ്ളോക്ക് പഞ്ചായത്ത് - 2000-2001 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 20(5)- മണക്കാട് പഞ്ചായത്തിൽ നടപ്പാലം പണിയുന്നതിന്റെ ഭാഗമായി പദ്ധതി കൺവീനർ മുൻകൂറായി കൈപ്പറ്റിയ തുകയിൽ തിരികെ ഈടാക്കുവാൻ അവശേഷിക്കുന്ന തുക എഴുതിത്തള്ളുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു-

===========================================================================

**തദ്ദേശ സ്വയം ഭരണ (എ.സി) വകുപ്പ്**

സ.ഉ.(സാധാ) നം. 27 /2016/തസ്വഭവ    തിരുവനന്തപുരം, തീയതി, 05 .01. 2016.

===========================================================================

പരാമർശം:-1) ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 04/12/2015 ലെ എൽ.എഫ്.9838/ പിറ്റി2/2015 നം കത്തും, അനുബന്ധവും.

2) തൊടുപുഴ ബ്ളോക്ക് പഞ്ചായത്ത് ഭരണ സമിതിയുടെ 06/07/2015 ലെ 3(1) നമ്പർ തീരുമാനം

**<u>ഉത്തരവ്</u>**

തൊടുപുഴ ബ്ളോക്ക് പഞ്ചായത്തിന്റെ 2000-2001 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 20(5)ലെ പരാമർശപ്രകാരം ബ്ളോക്ക് പഞ്ചായത്ത് പരിധിയിൽ വരുന്ന മണക്കാട് പഞ്ചായത്തിൽ പാച്ചതണ്ട് ഭാഗത്ത് 2000-2001 കാലയളവിൽ നടപ്പാലം പണിയുന്നതിന് വേണ്ടിയുള്ള പദ്ധതിയുടെ കൺവീനറായിരുന്ന ശ്രീ. ജോസ് തടത്തിൽ എന്നയാൾ പദ്ധതി നടത്തിപ്പിനായി മുൻകൂറായി കൈപ്പറ്റിയ 5500/- രൂപ( രൂപ അയ്യായിരത്തി അഞ്ഞൂറ് മാത്രം) പലിശ സഹിതം ടിയാനിൽ നിന്നും തിരികെ ഈടാക്കുവാൻ നിർദ്ദേശിച്ചിരുന്നു. പ്രസ്തുത ശിപാർശ പ്രകാരം നടപടി സ്വീകരിച്ചതിന്റെ ഫലമായി ടിയാനിൽ നിന്നും ഇതുവരെ 2690/- രൂപയും,( രൂപ രണ്ടായിരത്തി അറുന്നൂറ്റി തൊണ്ണൂറ് മാത്രം) പലിശയും 275 രൂപ കളക്ഷൻ ചാർജും ഈടാക്കിയിയിട്ടുള്ളതാണ് എന്നും, അവശേഷിക്കുന്ന 2810/- രൂപ ടിയാന്റെ പേരിൽ സ്ഥാവരജംഗമ വസ്തുക്കൾ ഒന്നും തന്നെയില്ലാത്തതിനാൽ ഈടാക്കുവാൻ നിർവ്വാഹമില്ലാത്തതിനാൽ എഴുതിത്തള്ളുന്നതിനുള്ള അനുമതി നൽകുവാൻ ഇടുക്കി ജില്ലാ കളക്ടർ, ഇടുക്കി അസി.ഡെവലപ്മെന്റ് കമ്മീഷണർ, (ജനറൽ),ഇടുക്കി ജില്ലാ സീനിയർ ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ തുടങ്ങിയവർ ശിപാർശ ചെയ്തിട്ടുള്ളതാണെന്നും, തൊടുപുഴ ബ്ളോക്ക് പഞ്ചായത്ത് ഇതു സംബന്ധിച്ച് 6/07/2015 ൽ തീരുമാനവും കൈക്കൊണ്ടിട്ടുണ്ടെന്നും, ഈ സാഹചര്യത്തിൽ ടി തുക ഈടാക്കാനാവാത്തതിനാൽ എഴുതിത്തള്ളുവാൻ വേണ്ട അനുമതി നൽകണമെന്നും പരാമർശം (1) പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ ആവശ്യപ്പെട്ടിരിക്കുന്നു.

2) സർക്കാർ ഈ വിഷയം പരിശോധിച്ചു. ശ്രീ. ജോസ് തടത്തിൽ എന്നയാളിൽ നിന്നും തിരികെ ഈടാക്കേണ്ടുന്ന 2810/-രൂപ ഈടാക്കുവാൻ നിർവ്വാഹമില്ലാത്തവിധം ടിയാന് സ്ഥാവരജംഗമ വസ്തുക്കൾ ഒന്നുമില്ല എന്ന വസ്തുത പരിഗണിച്ചും, പരാമർശം (1) പ്രകാരമുള്ള ശിപാർശയുടേയും, പരാമർശം (2) പ്രകാരമുള്ള ഭരണസമിതി തീരുമാനത്തിന്റേയും, അടിസ്ഥാനത്തിലും തൊടുപുഴ ബ്ളോക്ക് പഞ്ചായത്തിലെ മണക്കാട് പഞ്ചായത്തിൽ നടപ്പാലം പണിയുന്നതുമായി ബന്ധപ്പെട്ട പദ്ധതി കൺവീനറായിരുന്ന ശ്രീ. ജോസ് തടത്തിൽ എന്നയാൾ കൈപ്പറ്റിയ 5500/- രൂപയിൽ ടിയാനിൽ നിന്നും,

തിരികെ ഈടാക്കുവാൻ ശേഷിക്കുന്ന 2810/-( രൂപ രണ്ടായിരത്തി എണ്ണൂറ്റി പത്ത് മാത്രം) കേരളാ പഞ്ചായത്ത് രാജ് ( തിരികെ ഈടാക്കുവാൻ കഴിയാത്ത തുകകൾ എഴുതിത്തള്ളൽ) ചട്ടങ്ങൾ ചട്ടം (3) പ്രകാരം എഴുതിത്തള്ളുവാൻ അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**കെ.ആർ. പഴനിയമ്മ**
ഡെപ്യൂട്ടി സെക്രട്ടറി

ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
ജില്ലാ കളക്ടർ, ഇടുക്കി
അസി.ഡെവലപ്മെന്റ് കമ്മീഷണർ, (ജനറൽ), ഇടുക്കി .
സീനിയർ ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.
സെക്രട്ടറി, തൊടുപുഴ ബ്ളോക്ക് പഞ്ചായത്ത്, ഇടുക്കി
ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, സ്വരാജ്ഭവൻ, നന്തൻകോട്, തിരുവനന്തപുരം.(തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ളോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം (സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
**കരുതൽ ഫയൽ/ഓഫീസ് കോപ്പി.**

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ